**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 802** **14.01.2021-ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| എ) | ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനത്തിനായാണ് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ? | എ) | ചാലക്കുടി മണ്ഡലത്തിലെ മാരാംങ്കോട്, രണ്ടുകൈ, പെരിങ്ങൽകുത്ത്, ആനക്കയം എന്നീ പട്ടികവർഗ്ഗ കോളനികളാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 2017-18 വർഷം തെരഞ്ഞെടുത്തിരുന്നത്. ടി കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. 2020-21 വർഷം ടി പദ്ധതിക്കായി ചാലക്കുടി മണ്ഡലത്തിലെ ഷോളയാർ, പെരുമ്പാറ, മുക്കംപുഴ, പിള്ളപ്പാറ എന്നീ പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് ഏജൻസിയെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

# ഉള്ളടക്കം

| ക്രമ നം. | കോളനിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികൾ | പ്രവർത്തികളുടെ പുരോഗതി |
|---|---|---|---|
| 1 | രണ്ടുകൈ | ക്ഷേത്രക്കുളത്തിനു ചുറ്റുമതിൽ നിർമ്മാണം | പൂർത്തീകരിച്ചു |
| | | കോൺക്രീറ്റ് റോഡ് നിർമ്മാണം(82 മീറ്റർ) | 70% പൂർത്തീകരിച്ചു |
| | | പൊതുകിണറിന് ചുറ്റുമതിൽ | പൂർത്തീകരിച്ചു |
| | | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | പൂർത്തീകരിച്ചു |
| | | ചൂലക്കടവ് കുളത്തിന് സംരക്ഷണ ഭിത്തി | പൂർത്തീകരിച്ചു |
| | | ചൂലക്കടവ് റോഡ് നിർമ്മാണം (300മീറ്റർ) | 40% പൂർത്തീകരിച്ചു |
| 2 | മാരാംകോട് | ശ്മശാനവും ചുറ്റുമതിൽ നിർമ്മാണവും | ശ്മശാന കെട്ടിടത്തിന്റെ പ്രവർത്തികൾ പുരോഗമിക്കുന്നു. (20%) ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു ഗേറ്റ് സ്ഥാപി ക്കേണ്ടതുണ്ട്.(90%) |
| | | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും | റൂഫ് സ്ലാബ് കോൺക്രീറ്റ് പണി ചെയ്തു. പ്ലാസ്റ്ററിംഗ് വർക്കുകൾ പുരോഗമിക്കുന്നു.(60%) |
| | | കോൺക്രീറ്റ് റോഡ് നിർമ്മാണം(239 മീറ്റർ) | റോഡ് കോൺക്രീറ്റ് പണികൾ പൂർത്തീകരിച്ചു മറ്റു റോഡുകളുടെ പണികൾ പുരോഗമിക്കുന്നു.(30%) |
| | | ഡ്രെയ്നേജ് നിർമ്മാണം (20 മീറ്റർ) | ആരംഭിച്ചിട്ടില്ല |
| | | ശ്മശാനത്തിനും കമ്മ്യൂണിറ്റിഹാളിനും ഇലക്ട്രി ഫിക്കേഷൻ | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം പൂർത്തിയായതിന് ശേഷമേ കമ്മ്യൂണിറ്റിഹാളിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തി ആരംഭി ക്കുവാൻ സാധിക്കൂ |
| 3 | പെരിങ്ങൽകുത്ത് | കോളനിറോഡ് നിർമ്മാണം 395 മീറ്റർ | കോളനി റോഡിന്റെ പണി പൂർത്തീകരിച്ചു (100%) |
| | | അംഗൻവാടി പുനരുദ്ധാരണം | പൂർത്തീകരിച്ചു(100%). |
| | | കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു.(100%) |
| | | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | റൂഫ് സ്ലാബ് കോൺക്രീറ്റ് ചെയ്തു. പ്ലാസ്റ്ററിംഗ് വർക്ക് പൂർത്തീകരിച്ചു.(80%) |
| | | ഇലക്ട്രിഫിക്കേഷൻ | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം പൂർത്തിയായതിന് ശേഷമേ പ്രവർത്തി ആരംഭിക്കുവാൻ സാധിക്കൂ |
| 4 | ആനക്കയം | പ്രളയവും ഉരുൾപൊട്ടലും കാരണം കോളനി നിവാസികൾ ഒഴിഞ്ഞ് പോയതിനാൽ ടി കോളനിയെ പദ്ധതിയിൽ നിന്നും ഒഴിവാക്കി. | |

സെക്ഷൻ ഓഫീസർ